# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

### കെട്ടിടനിർമ്മാണ അനുമതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1459 6.03.2020- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അനുമതിക്കായി അപേക്ഷ നൽകിയാൽ എത്ര ദിവസങ്ങൾക്കകം ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുളളത്; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അനുമതിക്കായി അപേക്ഷ നൽകിയാൽ 30 ദിവസങ്ങൾക്കകം ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്നാണ് 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ ചട്ടം 12 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ബി) | നിശ്ചിത ദിവസങ്ങൾക്കകം തീരുമാനമെടുത്ത് കക്ഷിയെ അറിയിക്കാത്തപക്ഷം അനുമതി ലഭിച്ചതായി കണക്കാക്കി പ്രവൃത്തി ആരംഭിക്കാൻ വ്യവസ്ഥയുണ്ടോ; ആയതിന് എന്തെങ്കിലും നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ടോ; വിശദമാക്കാമോ? | (ബി) | 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച മുപ്പത് ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി ഒരു കെട്ടിട നിർമ്മാണ സൈറ്റ് അംഗീകരിക്കാതിരിക്കുകയോ നിരസിക്കാതിരിക്കുകയോ അല്ലെങ്കിൽ നിർമ്മാണ നിർവ്വഹണത്തിന് അനുമതി നല്കാതിരിക്കുകയോ അത് നിരസിക്കാതിരിക്കുകയോ ചെയ്താൽ |

| | | | |
|---|---|---|---|
| | | | അപേക്ഷകന്റെ ലിഖിതമായ അഭ്യർത്ഥനയിൽ കൗൺസിലിന് അത്തരം അംഗീകാരം നൽകണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ബാധ്യതയുണ്ടായിരിക്കുന്നതാണ്. ഇത്തരത്തിലുള്ള ലിഖിതാഭ്യർത്ഥന ലഭിച്ചത് മുതൽ ഒരു മാസത്തിനുള്ളിൽ അപ്രകാരമുള്ള അംഗീകാരമോ അനുവാദമോ നൽകണമോ വേണ്ടയോ എന്ന് കൗൺസിൽ തീരുമാനിച്ചിട്ടില്ല എങ്കിൽ അങ്ങനെയുള്ള അധികാരം/അനുമതി നൽകിയതായി കണക്കാക്കാവുന്നതും അപേക്ഷകന് ആക്റ്റിന്റെയോ ചട്ടങ്ങളുടെയോ അതിന്റെ കീഴിൽ സൃഷ്ടിച്ചിട്ടുള്ള ബൈലോകളുടെയോ യാതൊരു വ്യവസ്ഥകളെയും ലംഘിക്കാത്ത തരത്തിൽ നിർമ്മാണം ആരംഭിയ്ക്കാവുന്നതുമാണ്. നിർമ്മാണം ആരംഭിക്കുന്ന തീയതി വ്യക്തമാക്കിക്കൊണ്ട് അപേക്ഷകൻ ഒരു കത്ത് സമർപ്പിക്കേണ്ടതും ടി കത്തിന്റെ പകർപ്പിൽ സെക്രട്ടറി സ്റ്റാമ്പും തീയതിയും ഉപയോഗിച്ച് കത്ത് അന്നേ ദിവസം സ്വീകരിച്ചതായി അറിയിപ്പ് നൽകേണ്ടതും ആയതും യഥാർത്ഥ അപേക്ഷ സ്വീകരിച്ച അറിയിപ്പും ചേർത്ത് കല്പിത അനുമതിയായി കണക്കാക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ